# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1560** **01/11/2019- ൽ മറുപടിയ്ക്ക്**

## നാളികേര സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ആർ. രാമചന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നാളികേര സംഭരണം ആരംഭിച്ചിട്ടുണ്ടോ; കർഷകർക്ക് ലഭ്യമാകുന്ന വില എത്രയെന്ന് വിശദീകരിക്കുമോ; | (എ) പച്ചത്തേങ്ങ സംഭരണം പുനരാവിഷ്കരിക്കാൻ തീരുമാനം എടുക്കുകയും കേരഫെഡിനെ പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങ കിലോയ്ക്ക് 27/- രൂപ എന്ന നിരക്കിൽ ആണ് സംഭരിക്കുന്നത്. പച്ചത്തേങ്ങ വില വിപണി വിലയിൽ 27/- രൂപയിലും താഴ്ന്ന നിരക്കിലാകുമ്പോഴാണ് സംവിധാനം പ്രവർത്തിക്കുന്നത്. |
| (ബി) നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;<br>(സി) നാളികേരത്തിന്റെ വില കുടിശ്ശികയില്ലാതെ ഒരാഴ്ചക്കകം കർഷകന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കഴിഞ്ഞ സർക്കാർ നൽകുവാൻ ബാക്കിയുണ്ടായിരുന്ന കുടിശ്ശിക അടക്കം മുഴുവൻ തുകയും കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ട്. |

Sreelatha

**സെക്ഷൻ ഓഫീസർ**